ഖുത്ബ
25.5.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# 'അസ്സലാം'- സമാധാന സമ്രാട്ട് (3)

يَّهۡدِىۡ بِهِ اللّٰهُ مَنِ اتَّبَعَ رِضۡوَانَهٗ سُبُلَ السَّلٰمِ وَيُخۡرِجُهُمۡ مِّنَ الظُّلُمٰتِ اِلَى النُّوۡرِ بِاِذۡنِهٖ وَيَهۡدِيۡهِمۡ اِلٰى صِرَاطٍ مُّسۡتَقِيۡمٍ ۝١٧

**അ**ല്ലാഹുതആല വിശുദ്ധഖുർആനിൽ '***ഇന്ന ദ്ദീന ഇൻദല്ലാഹിൽഇസ്ലാം***'- തീർച്ചയായും അല്ലാഹുവിന്റെ പക്കൽ ദീൻ, ദീനെ ഇസ്ലാം തന്നെയാണ്- എന്ന് വിളംബരം ചെയ്തിരിക്കുന്നു. ഈ ദീൻ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ടേ മനുഷ്യന് ദൈവ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. കാരണം ഈ ദീനാണ്, അതിന്റെ പരിപൂർണ്ണതയുടെ അടിസ്ഥാനത്തിൽ ലോകത്ത് സമാധാനം പരത്തുന്നത്. അതുകൊണ്ട് ഈ ദീനിനെ ഉപേക്ഷിച്ച്, മറ്റേതെങ്കിലും മതത്തിൽ എങ്ങനെ സമാധാനവും രക്ഷയും ലഭിക്കാനാണ്. മറ്റു മതങ്ങൾ നിങ്ങൾ പരിശോധിക്കുകയാണെങ്കിൽ അവിടെ വിള്ളലുകളും വിടവുകളും കാണാൻ കഴിയും. നമ്മൾ സൗഭാഗ്യവാന്മാരാണ്. അല്ലാഹുവിന്റെ ആ പ്രിയപ്പെട്ട നബിയും, ഖാത്തമുൽ അമ്പിയായുമായ മുഹമ്മദ്(സ)നെ വിശ്വസിക്കുന്നവരാണ് നമ്മൾ. അദ്ദേഹം മുഖേന അല്ലാഹു ***അൽയൗമ അക്മൽതു ലക്കും ദീനക്കും വഅത്മംതു അലയ്ക്കും നിഅ്മത്തീ വറളീത്തു ലക്കുമുൽഇസ്ലാമദീനാ*** എന്ന് വിളംബരം ചെയ്തു. അതായത്, ഇന്നേദിവസം ഞാൻ നിങ്ങൾക്കായി നിങ്ങളുടെ ദീനിനെ പൂർണ്ണമാക്കിയിരിക്കുന്നു. ആർക്കും ഇതിൽ ഒരു ന്യൂനതയും കാണാൻ കഴിയില്ല. ഈ ദീനിൽ എല്ലാതരം കല്പനയും വിവരിച്ചിരിക്കുന്നു. എല്ലാതരം ജ്ഞാനങ്ങളും ഈ പരിപൂർണ്ണ ശരീഅത്തിൽ സമ്മേളിപ്പിച്ചിരിക്കുന്നു. എല്ലാതരം നിഅ്മത്തുകളും, എല്ലാ ജ്ഞാനപരമായ ഭണ്ഡാരങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. നിത്യേനയുള്ള മാമൂൽ തുടങ്ങി സാർവലൗകികബന്ധങ്ങളും അല്ലെങ്കിൽ കല്പനകളുംവരെ വിവരിച്ചിരിക്കുന്നു. ഇതിൽ ഒരു വീട്ടിന്റെ സമാധാനവും ശാന്തിയും തുടങ്ങി മുഴുവൻ ലോകത്തിന്റേയും സമാധാനവും ശാന്തിയുംവരെ ഉൾപ്പെടുന്നു. അതിന് ജാമ്യം നല്കിയിരിക്കുന്നു. ഈ ദീനെ ഇസ്ലാമിനെ മാത്രമാണ് അല്ലാഹു നിങ്ങൾക്കായി ഇഷ്ടപ്പെട്ടിരിക്കുന്നത്. സ്വന്തം വീടുകളിലും ലോകത്തിൽതന്നെയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും മൈത്രിയുടേയും സൗരഭ്യം പരത്താനാഗ്രഹിക്കുന്നെങ്കിൽ ഇത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. തന്റെ പ്രിയപ്പെട്ട നബി(സ)യ്ക്ക് ഇറക്കിയ അല്ലാഹുവിന്റെ ഈ അധ്യാപനത്തിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഓരോ മനുഷ്യനോടുമുള്ള അവന്റെ വിളംബരവും വാഗ്ദാനവുമാണിത്.

ഈ പരിപൂർണ്ണവും തികവുറ്റതുമായ അധ്യാപനത്തിന്റെ ചില മിന്നലാട്ടങ്ങൾ സമാധാനത്തിന്റെ തെളിവിന്നായി ഉദ്ധരിച്ചുകൊണ്ട് കഴിഞ്ഞ ഖുത്ബകളിൽ ഞാൻ വിവരിച്ചുകഴിഞ്ഞിരിക്കുന്നു. കുറച്ച് ഇന്ന് വിവരിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ കുടുംബകാര്യങ്ങളെ കുറിച്ചുള്ള പാഠങ്ങളും സാമൂഹികമായ കാര്യങ്ങളും സർവലോകബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അധ്യാപനങ്ങളും ഈ ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഇത് വിവിധ രീതിയിലുള്ള ചിത്രങ്ങളാണ്. എല്ലാം ഇന്ന് വിവരിക്കുക സാധ്യമല്ല. ആർക്കെങ്കിലും വേണ്ടി മനുഷ്യൻ പ്രാർത്ഥനാപരമായ വാക്കുകൾ പറയുമ്പോൾ, സ്വയം അവന്റെ മനസ്സിൽ മറ്റുള്ളവർക്കുവേണ്ടി മൃദുലവികാരം ഉണ്ടാകുന്നുവെന്നത് സ്വാഭാവികമാണ്; കപടപരമായി ജീവിക്കുന്ന വ്യക്തിയൊഴികെ. വായകൊണ്ട് ഒന്ന് പറയുകയും കക്ഷത്തിൽ കഠാരയുമായി നടക്കുകയും ചെയ്യുന്നവനാണ് അവൻ. പക്ഷേ, മരിച്ചതിനുശേഷം ഒരു ജീവിതമുണ്ടെന്നും അത് നന്നാക്കിത്തീർക്കുന്നതിനുവേണ്ടി പരിശ്രമിക്കണമെന്നും മരണത്തിനുശേഷമുള്ള ഏതൊരു ജീവിതത്തെക്കുറിച്ച് അല്ലാഹു വാഗ്ദാനം ചെയ്തുവോ, ഏതൊരു ദാറുസ്സലാമിലേക്ക് അല്ലാഹു വഴി കാട്ടിയോ അത് കരസ്ഥമാക്കുന്നതിനുവേണ്ടി തന്റെ പുറവും അകവും ഒരുപോലെയാക്കിത്തീർക്കണമെന്നും താൻ കല്പിക്കപ്പെട്ടിരിക്കുന്നതുപോലെ തന്റെ സഹോദരന് സമാധാനത്തിന്റെ വികാരം എത്തിക്കണമെന്നും ഒരു സത്യവിശ്വാസി വിശ്വസിക്കുന്നു. അത് ബാഹ്യമായ വായകൊണ്ടു പറച്ചിൽ

മാത്രമാകരുത്. മറിച്ച്, അല്ലാഹുവിൽനിന്ന് സമാധാനത്തിന്റെ വഴികളിലേക്കുള്ള മാർഗ്ഗം പ്രാപിക്കുന്നതിനായി മനസ്സിന്റെ അഗാധതയിൽനിന്ന് ഈ സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥന പുറപ്പെട്ടു വരണം. അല്ലാഹുവിന്റെ കല്പനയാൽ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് ഇറങ്ങണം. എപ്പോഴും അല്ലാഹുവിന്റെ തൃപ്തിയുടെ പാത്രമായിക്കൊണ്ട് സ്വിറാത്തെ മുസ്തഖീമിലൂടെ നടക്കുന്നവനായിത്തീരണം. ഈ വിചാരത്തോടുകൂടി ഒരു സത്യവിശ്വാസി പരിശ്രമിക്കുമ്പോൾ സമൂഹത്തിന് അവനിൽനിന്ന് എന്തെങ്കിലും നഷ്ടം ഉണ്ടാകുമെന്ന പ്രശ്നമേ ഉദിക്കുന്നില്ല. നഷ്ടം ഉണ്ടാകുക എന്നത് അവിടെ നില്ക്കട്ടെ, അത്തരം വ്യക്തിയിൽ നിന്ന് മറ്റാരെങ്കിലും അനുഗ്രഹമെടുക്കാത്ത അവസ്ഥയും ഉണ്ടാകുകയില്ല! സൽസ്വഭാവത്തിന്റെ നില ഉയർത്തുന്നതിന് അത്യാവശ്യമായിട്ടുള്ളതും കുഴപ്പങ്ങളും സംശയങ്ങളും സന്ദേഹങ്ങളും അവസാനിപ്പിക്കുന്നതിന് അനിവാര്യമായിട്ടുള്ളതും ഒരു പ്രാർത്ഥനയായിട്ടുള്ളതും പരസ്പരമുള്ള സ്നേഹവും മൈത്രിയും വർദ്ധിക്കുന്നതിനുവേണ്ടിയുള്ളതുമായ അല്ലാഹുവിന്റെ കല്പനയാണ് സലാം പറയുക എന്നത്. നിങ്ങൾ ആരുടെയെങ്കിലും വീട്ടിൽ പോയാൽ സലാം പറയുക എന്ന് കല്പിച്ചിരിക്കുന്നു. മറ്റു മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനേക്കാൾ ഉത്തമമായ രീതി ആരുടെയെങ്കിലും വീട്ടിൽ പോയി തന്റെ സാന്നിധ്യം അറിയിക്കുന്നതിനുള്ള മാർഗ്ഗം അല്ലാഹു പറഞ്ഞത് വീട്ടുകാർക്ക് ഉറക്കെ സലാം പറയുക എന്നതാണ്. വലിയ വലിയ കെട്ടിടങ്ങളുള്ള ചില സമ്പന്നരായ വ്യക്തികൾ, അല്ലെങ്കിൽ വീട്ടിനുള്ളിൽ ശബ്ദമെത്താത്ത അവസ്ഥയുള്ള ആളുകൾ വെളിയിൽനിന്ന് വരുന്നയാളുടെ സാന്നിധ്യം അറിയുന്നതിനായി കാളിംഗ്ബെൽ വെക്കാറുണ്ട്. ചിലർ വെളിയിൽ ഫോൺ വെച്ചിട്ടുണ്ടാകും. ഇനി ബെൽ അടിക്കുകയാണെങ്കിൽത്തന്നെ വീട്ടുകാരുടെ ശബ്ദം കേട്ടാൽ ആദ്യം സലാമും പിന്നീട് പേരും പറയേണ്ടതാണ്. ഇത് അല്ലാഹു വിശുദ്ധഖുർആനിലൂടെ നിർദ്ദേശിച്ച കല്പനയാകുന്നു. അവൻ പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُوا وَتُسَلِّمُوا عَلَىٰ أَهْلِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ لَعَلَّكُمْ تَذَكَّرُونَ ٢٨

വിശ്വസിച്ചവരേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ ആ വീട്ടുകാരോട് അനുമതി ചോദിക്കുകയും അവർക്ക് സലാം ചൊല്ലുകയും ചെയ്തിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ഉപദേശം സ്വീകരിക്കുന്നതിനുവേണ്ടി (24:28).

ഈ സലാം ഒരു പ്രാർത്ഥനയാണ്. അത് അല്ലാഹുവിൽനിന്നുള്ളതാണ്. അത് ഞാൻ പിന്നീട് വിവരിക്കും. സമാധാനം പരത്തുന്നതിനുള്ള യുക്തിനിർഭരമായ കല്പനയാണിത്. ഇതിൽനിന്ന് വിശുദ്ധഖുർആൻ എങ്ങനെയാണ് സത്യവിശ്വാസികളെ നന്നാക്കിത്തീർക്കാൻ ശ്രമിക്കുന്നതെന്ന് മനസ്സിലാകുന്നു. ഉറക്കെ സലാം പറയുമ്പോൾ അനുവാദം കിട്ടുകയെന്നതാണ് ഒന്നാമത്തേത്. അനുവാദം കിട്ടിയാൽ, ശരി. ഇല്ലെങ്കിൽ വീട്ടുകാർ തങ്ങളുടെ ജോലികളാലോ, മറ്റു കാരണങ്ങളാലോ അപ്പോൾ കാണാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ മറ്റൊരിടത്ത് കല്പിച്ചിട്ടുള്ളത് അതു മോശമായി കാണാതെ മടങ്ങിപ്പോരുക എന്നാണ്.

നമ്മുടെ സമൂഹത്തിൽ മറുപടി കിട്ടിയില്ലെങ്കിൽ അത് മോശമായി കരുതുകയും ചിലപ്പോൾ അവിടെയും ഇവിടെയും എത്തിനോക്കുകയും ചെയ്യുക എന്നത് ആളുകളുടെ ശീലമാണ്. ഇത് വളരെ ദോഷകരമായ ശീലമാകുന്നു. ഇതുമുഖേന ചിലപ്പോൾ കുഴപ്പങ്ങൾ തലപൊക്കുന്നു. ചിലപ്പോൾ ശബ്ദമൊന്നുമുണ്ടാക്കാതേയും സലാം പറയാതേയും മര്യാദയൊന്നും പാലിക്കാതേയും മറ്റൊരുവന്റെ വീട്ടിൽ കയറിച്ചെല്ലുന്നു. അവരുടെ കൂട്ടുകാർ അവിടെ ഉണ്ടാകാം. എന്നാൽ, വീട്ടുകാർ അപ്പോൾ ഏതെങ്കിലും അവസ്ഥയിലായിരിക്കും. അപ്പോൾ ആരെങ്കിലും വീട്ടിൽ കടക്കുന്നത് അവർ ഇഷ്ടപ്പെടുകയില്ല. അങ്ങനെ വൈരാഗ്യമുണ്ടാകുന്നു. അത്തരം ഘട്ടത്തിൽ അവർ നിങ്ങളെ പ്രവേശിപ്പിക്കുക എന്നത് നിർബ്ബന്ധകാര്യമൊന്നുമല്ല. ഇക്കാലത്തും അത്തരം കാര്യങ്ങൾ ഉണ്ടാകാറുണ്ട്. മര്യാദകൾ പാലിക്കാതെ പരസ്പരം വീടുകളിൽ പോയും വരികയും ചെയ്യുന്ന കാരണത്താൽ, അറിയിക്കാതെ പോകുന്നതുകൊണ്ട് ഈ മര്യാദകേട് വെറുപ്പുണ്ടാക്കുന്നു.

ഒരു പുരുഷൻ ഏതെങ്കിലും വീട്ടിൽ പോകുമ്പോൾ ഏതൊരു പുരുഷനെ കാണാനാണോ പോയത് അയാൾ അവിടെ ഇല്ലെങ്കിൽ ഉത്തമമായ രീതി തിരിച്ചുപോവുക എന്നതാണ്. അതിലൂടെയാണ് സമാധാനം പരക്കുന്നത്. അപ്പോൾ തെറ്റുധാരണയിൽനിന്ന് ഇരുവീടുകളും രക്ഷപ്പെടുന്നു. 'വാതിൽ തുറക്കുക, എനിക്ക് ഉള്ളിൽ ഇരിക്കണം, അയാൾ

വരുന്നതുവരെ ഞാൻ ഇവിടെ ഇരുന്നുകൊള്ളാം.' എന്ന് പറഞ്ഞ് വീട്ടിലെ മറ്റുള്ളവരെ അല്ലെങ്കിൽ വീട്ടുകാരെ നിർബ്ബന്ധിക്കാൻ പാടില്ല. അടുത്ത ബന്ധുക്കളായിട്ടുള്ളവർക്ക് ഇത് ബാധകമല്ല. പക്ഷേ, എത്ര അടുത്ത സുഹൃത്ത്ബന്ധമായാലും അന്യർക്ക് പ്രവേശനം പാടില്ല. ഇതിലൂടെ ഒരുപാട് അപവാദങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും മറ്റുള്ളവരുടെ കുത്തുവാക്കുകളിൽനിന്നും തെറ്റുധാരണയിൽനിന്നും ആ വരുന്നയാളും വീട്ടുകാരും രക്ഷപ്പെടുന്നു. ഈ സലാം പറയുന്ന രീതി അല്ലാഹുവിൽനിന്ന് പരസ്പരം സമാധാനം തേടുക എന്നതാണ്. സലാമിന്റെ അർത്ഥവും വിപത്തുകളിൽനിന്ന് രക്ഷപ്പെടുക എന്നാകുന്നു. അതുകൊണ്ട് സലാം പറയുക എന്ന സമ്പ്രദായം ഇരുകൂട്ടർക്കും അതായത് വരുന്നയാൾക്കും വീട്ടുകാർക്കും ഒരുപാട് ആപത്തുകളിൽനിന്നും വിഷമങ്ങളിൽനിന്നും മോചനം നല്കുന്നു. നബി(സ) തിരുമേനി സലാം ചൊല്ലി തന്റെ സാന്നിധ്യം അറിയിക്കാതെ വീടുകളിൽ പോകുന്നത് കഠിനമായി തടഞ്ഞിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഒരിക്കൽ ഒരാൾ നബിയുടെയടുക്കൽ വന്നു. അയാൾ സലാം പറയാതെ വാതിൽക്കൽ വന്നുനോക്കി. ഉള്ളിൽ വരട്ടെയെന്നു ചോദിച്ചു. നബി(സ) തന്റെയടുത്തിരുന്ന ഒരു സ്വഹാബിയോട്, വെളിയിൽ പോയി അയാളെ അനുവാദം വാങ്ങേണ്ട രീതി പഠിപ്പിക്കാൻ പറഞ്ഞു. ആദ്യം സലാം ചൊല്ലാനും പിന്നീട് സ്വയം പരിചയപ്പെടുത്തി അനുവാദം വാങ്ങി ഉള്ളിൽ പ്രവേശിക്കാനും അയാൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഉപദേശിച്ചു. ഇതുമുഖേന പ്രാർത്ഥനാവാക്യങ്ങളാൽ പരിശുദ്ധമായ കാര്യങ്ങൾ മനുഷ്യൻ ചിന്തിക്കാൻ തുടങ്ങുന്നു. അങ്ങനെ പരസ്പരമുള്ള ബന്ധങ്ങൾ വർദ്ധിക്കുന്നു. സ്വഹാബത്ത് ഈ പ്രാർത്ഥനയുടെ ആഴത്തെക്കുറിച്ചറിഞ്ഞിരുന്നു. നബി(സ) തിരുമേനിയുടെ തിരുവായിലൂടെ പുറത്തുവന്ന ആ ദുആകൾ സ്വഹാബിമാർക്ക് അനുഗ്രഹമായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരു സ്വഹാബിയ്ക്ക് അടിമപെൺകുട്ടി ഉണ്ടായിരുന്നു. അവൾ ബാസാറിൽ നില്ക്കുകയായിരുന്നു. നബ(സ) അവളുടെയടുത്തുകൂടെ കടന്നുപോകുമ്പോൾ, അവിടെ നില്ക്കുന്നതെന്താണെന്ന് ചോദിച്ചു. എന്തിനാണ് കരയുന്നതെന്ന് തിരക്കി. 'ഇന്നകാര്യത്തിന് വീട്ടുകാർ തന്നെ അയച്ചതാണെന്നും തന്റെ കൈയിൽനിന്നും ഇന്ന സാധനം നഷ്ടപ്പെട്ടുവെന്നും വീട്ടുകാർ തന്നോട് ദ്വേഷപ്പെടുമെന്നുമോർത്ത് ഭയപ്പെടുകയാണെന്നും അവൾ പറഞ്ഞു.' നബി(സ) തിരുമേനി അവളേയും കൂട്ടി അവളുടെ യജമാനന്റെ വീട്ടിലേക്കു പോയി. സലാം ചൊല്ലി. പക്ഷേ, ഉള്ളിൽനിന്ന് മറുപടി കിട്ടിയില്ല. രണ്ടാമതും സലാം ചൊല്ലി. വീണ്ടും മറുപടി കിട്ടിയില്ല. മൂന്നാമതും സലാം ചൊല്ലി, അപ്പോൾ വീട്ടുകാർ വെളിയിൽ വന്നു സലാം മടക്കി. അവിടന്നു 'ഞാൻ രണ്ടുപ്രാവശ്യം സലാം ചൊല്ലിയിട്ട് നിങ്ങൾ എന്തുകൊണ്ട് മറുപടി പറഞ്ഞില്ല, എന്റെ സലാം കേട്ടിരുന്നില്ലേ' എന്നു ചോദിച്ചു. തീർച്ചയായും തങ്ങൾ കേട്ടിരുന്നുവെന്ന് അവർ പറഞ്ഞു. പക്ഷേ, അവരുടെ മറുപടി എത്ര മനോഹരമായിരുന്നുവെന്ന് നോക്കുക, ശബ്ദം ഞങ്ങൾ കേട്ടിരുന്നു. എന്നാൽ, ഞങ്ങൾ ആ ധന്യമായ അവസരത്തെ പ്രയോജനപ്പെടുത്തുകയായിരുന്നു. അങ്ങയിൽനിന്ന് സമാധാനത്തിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കട്ടെ എന്നു കരുതി. അല്ലാഹുവിന്റെ റസൂൽ ഞങ്ങൾക്കായി സമാധാനത്തിന് പ്രാർത്ഥിക്കുന്നതിനേക്കാൾ വലുത് മറ്റെന്താണ് ഞങ്ങൾക്ക് വേണ്ടത്. എത്ര ഹൃദയസാന്നിധ്യത്തോടുകൂടിയായിരിക്കും നബി(സ) തിരുമേനി സലാം ചൊല്ലുന്നത്. അതുപോലെ ആർക്കും ആകാൻ സാധ്യമല്ല. ആർക്കു വേണ്ടിയാണോ അവിടന്ന് ദുആ ചെയ്യുന്നത് അവരുടെ ഇഹപര ലോകങ്ങൾ സമൃദ്ധമാക്കപ്പെടുന്നതാണ്. മൂന്നാമത്തെ പ്രാവശ്യം സലാം മടക്കിയില്ലെങ്കിൽ, നബി(സ) മടങ്ങിപ്പോകുമോ എന്ന ശങ്കയും വീട്ടുകാർ മനസ്സിലാക്കിയിരിക്കണം. കാരണം, മൂന്നുപ്രാവശ്യം സലാം ചൊല്ലിയതിനുശേഷവും വീട്ടുകാർ മടക്കിയില്ലെങ്കിൽ, ഖുർആന്റെ കല്പനയനുസരിച്ച് തിരിച്ചുപോകണമെന്നും അവിടന്ന് പറഞ്ഞിരുന്നു. എന്തായാലും ആ അടിമപെൺകുട്ടിയെ കൂട്ടിയുള്ള അവിടത്തെ വരവ്, വീട്ടുകാരെ സലാം കൊണ്ട് നിറച്ചതിനോടൊപ്പം ആ അടിമപെൺകുട്ടിയേയും, അവിടത്തെ വരവ് കാരണം വീട്ടുകാർ സ്വതന്ത്രയാക്കി. അവളും ഈ സലാമിന് ഭാഗഭാക്കായിക്കൊണ്ട് അടിമത്വത്തിന്റെ തടവിൽനിന്നു മോചിതയായി. അന്യർക്കുവേണ്ടി മാത്രമല്ല, മറിച്ച് തന്റെ സ്വന്തം വീട്ടിൽ പ്രവേശിക്കുമ്പോഴും സമാധാനത്തിന്റെ സമ്മാനം കൊടുക്കുക എന്ന പൊതുകല്പനയുണ്ട്. ഇതുമുഖേന വീടുകളിൽ അനുഗ്രഹം പരക്കും. ആ സമാധാനത്തിന്റെ സമ്മാനം അല്ലാഹുവിൽനിന്നുള്ളതാണ്. അല്ലാഹുവിൽനിന്ന് അയക്കപ്പെടുന്ന സമ്മാനത്തിനുശേഷം വീട്ടുകാരോടുള്ള തന്റെ പെരുമാറ്റം എങ്ങനെയായിരിക്കണമെന്ന ബോധവും ഉണ്ടാകുന്നു. അല്ലാഹു പറയുന്നു: ***ഫഇദാ ദഖൽത്തും ബുയൂത്തൻ ഫസല്ലിമൂ അലാ അൻഫുസിക്കും തഹിയ്യത്തൻമ്മിൻ ഇൻദില്ലാഹി മുബാറക്കത്തൻ ത്വയ്യിബത്തൻ– കദാലിക്ക യുബയ്യിനുല്ലാഹു ലക്കുമുൽ ആയാത്തി ലഅല്ലക്കും തഅ്ഖിലൂൻ*** നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിൽനിന്നുള്ള

അനുഗൃഹീതവും പരിശുദ്ധവുമായ ഒരു അഭിവാദ്യ മെന്ന നിലയ്ക്ക് നിങ്ങളുടെ ആളുകൾക്ക് സലാം ചൊല്ലുക. ഇതേപ്രകാരം അല്ലാഹു നിങ്ങൾക്ക് വിധി കൾ വിവരിച്ചുതരുന്നു. നിങ്ങൾ ബുദ്ധിയുപയോഗിച്ച് കാര്യങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി. (24:62)

അത്തരം വീടുകളിൽ വസിക്കുന്നവർ പരസ്പരം സമാധാനത്തിന്റെ സമ്മാനം കൊടുക്കുമ്പോൾ അല്ലാഹുവിൽനിന്നുള്ള സമ്മാനം എന്ന് വിചാരിച്ചുകൊണ്ടായിരിക്കും അത് കൊടുക്കുന്നത്. അങ്ങനെ പരസ്പരസ്നേഹത്തിൽ വർദ്ധനവുണ്ടാകും. ഒരാൾ മറ്റൊരാളുടെ വികാരം മനസ്സിലാക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധയുണ്ടാകും. വീട്ടിലെ പുരുഷൻ പരുഷസ്വഭാവിയാണെങ്കിൽ, ഈ സമാധാനത്തിന്റെ സമ്മാനം കൊടുക്കുന്ന കാരണത്താൽ, അയാളുടെ പരുഷമായപ്രവൃത്തിയിൽനിന്ന് ഭാര്യയും മക്കളും സുരക്ഷിതരായിരിക്കും. ഈ സമൂഹത്തിൽ പ്രത്യേകിച്ചും പൊതുവെ ലോകത്ത് പിതാക്കന്മാരുടെ കാഠിന്യത്തോടെയുള്ള പെരുമാറ്റം കാരണം കുട്ടികൾ ചിലപ്പോൾ തല തിരിഞ്ഞുപോകുന്നു. ഭാര്യമാർ ഭയന്നു ജീവിക്കുന്നു. പിന്നീട്, വർഷങ്ങളോളം ഒരുമിച്ചു ജീവിച്ചിട്ടും ഭാര്യയും ഭർത്താവും വേർപിരിയുന്ന ഘട്ടംവരെ എത്തുന്നു. കുട്ടികൾ വലുതാകുന്നു. അവരുടെ ബുദ്ധിമുട്ടുകൾ കുടുംബങ്ങൾക്ക് വേറെയുണ്ടാകുന്നു. വിശ്വാസി സമാധാനത്തിന്റെ സമ്മാനം കൊടുത്തുകൊണ്ടിരുന്നാൽ, അതുപോലെ സ്ത്രീകളും സലാം ചൊല്ലിക്കൊണ്ട് വീട്ടിൽ പ്രവേശിക്കുകയാണെങ്കിൽ സമാധാനത്തോടെ തങ്ങളുടെ വീടുകളെ നോക്കിനയിക്കുന്നതായിരിക്കും. അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ അന്തസ്സിനെ കാത്തുസൂക്ഷിക്കുന്നവരായിത്തീരും. കുട്ടികൾക്ക് ഈ സ്റ്റേജിൽ തർബിയ്യത്ത് കൊടുത്തുകൊണ്ടിരുന്നാൽ, യുവത്വം പ്രാപിച്ചാലും തന്റെ വീടിനും മാതാപിതാക്കൾക്കും സമൂഹത്തിനും ദോഷമായിത്തീരുന്നതിനു പകരം സമാധാനത്തിനു കാരണമായിത്തീരും. പൊതുവെ ടീനേജിൽ വലിയ രോഗങ്ങളുണ്ടാകാറുണ്ട്. ശീലങ്ങൾ വഷളായിപോകാറുണ്ട്. എന്നാൽ, ആരംഭത്തിൽതന്നെ നല്ല ശീലമുണ്ടാക്കിയാൽ, സമാധാനത്തിന്റെ സന്ദേശവുമായിട്ടായിരിക്കും വീട്ടിൽ പോകുക. അതുകൊണ്ട് സലാം ചൊല്ലുക എന്ന കല്പന തങ്ങളിൽ നടപ്പിൽവരുത്തുക എന്നത് മാതാപിതാക്കളുടെ കടമയാണ്. അവരുടെ മക്കളും നന്മയിലും ഭക്തിയിലും പദമൂന്നിക്കൊണ്ട് സമാധാനത്തിന്റെ സന്ദേശം എത്തിക്കുന്നവരായിത്തീരുന്നതിനുവേണ്ടി ചെറുപ്രായത്തിൽതന്നെ ഈ ശീലമുണ്ടാക്കേണ്ടതാണ്. ചിലപ്പോൾ കുട്ടികൾ സലാം പറയാത്തതായി കാണാറുണ്ട്. നാണം കൊണ്ടാണ് സലാം പറയാത്തതെന്ന് മാതാപിതാക്കൾ പറയുന്നു. കുട്ടിയുടെ മനസ്സിൽ ചെറുപ്രായത്തിൽ സലാം പറയുന്നതിൽ ലജ്ജയില്ലെന്നും ചീത്തക്കാര്യം പറയുന്നതിലാണ് ലജ്ജ എന്നുമുള്ള കാര്യം ഇട്ടുകൊടുക്കുകയാണെങ്കിൽ ഈ പറച്ചിലിൽത്തന്നെ കുട്ടിയ്ക്കു ശിക്ഷണം ലഭിക്കുന്നതായിരിക്കും. ചില കുട്ടികൾ പരസ്പരം അടിപിടി കൂടുന്നുണ്ടാകും. ബയ്ത്തുൽ ഫള്ലിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കെ വഴക്കുണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അക്രമപരമായ നിലയിൽ ഒരാൾ മറ്റൊരാളെ അടിക്കുന്നു. അപ്പോൾ ഒരു നാണവും ഉണ്ടാകുന്നില്ല. വാസ്തവത്തിൽ, ഇക്കാര്യത്തിലാണ് ലജ്ജിക്കേണ്ടത്.

അല്ലാഹുവിന്റെ സലാമിന് അവകാശികളാകുന്നതിനുവേണ്ടി കുട്ടികളിലും സലാം ചൊല്ലുന്ന ശീലമുണ്ടാക്കുക. ഈ ശീലം വളരുന്നത് മുതിർന്നവർ ചെറിയവരോട് സ്ഥിരമായി സലാം പറയുമ്പോഴാണ്. സലാം എത്രമാത്രം പ്രധാനപ്പെട്ട കാര്യമാണെന്ന് സ്വഹാബത്തിന് മനസ്സിലായതിനുശേഷം അവരിലുണ്ടായ ശീലം എങ്ങനെയുള്ളതായിരുന്നുവെന്നുവെച്ചാൽ ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ്ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) തിരുമേനിയോടൊപ്പം പോകുകയും ഏതെങ്കിലും മരം ഞങ്ങളെ വേർപെടുത്തുകയും ചെയ്താൽ ആ മറ നീങ്ങുമ്പോൾ പരസ്പരം ഞങ്ങൾ സലാം പറയുമായിരുന്നു. ഇതായിരുന്നു സ്വഹാബത്തിന്റെ രീതി. കാരണം സമൂഹത്തിൽ ശാന്തിയും സ്നേഹവും സ്ഥാപിക്കുന്നതിന് 'സലാം' അനിവാര്യമായ കാര്യമാണെന്ന് അവർക്ക് അറിയാമായിരുന്നു. അല്ലാഹുവിൽനിന്നുള്ള ഈ പ്രാർത്ഥനയുടെ സമ്മാനം അത്യാവശ്യമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. എങ്ങനെയെങ്കിലും അല്ലാഹുവിന്റെ സലാമിന്റെ സമ്മാനത്താൽ അനുഗൃഹീതരാകുന്നതിന് അവർ വിശപ്പുള്ളവരായിരുന്നു. അങ്ങനെ ഇഹലോകവും പരലോകവും ഒരുക്കുന്നവരായിത്തീരണമെന്നും അവർ ആഗ്രഹിച്ചിരുന്നു.

ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) എങ്ങനെയാണ് ഖുർആനിക അധ്യാപനങ്ങളും നബി(സ)തിരുമേനിയുടെ നടപടിക്രമങ്ങളും തന്റെ സ്വഹാബത്തിൽ നടപ്പിൽവരുത്തിയത്. അതുമുഖേന ഇവർ സലാമിന്റെ സന്ദേശമെത്തിക്കുന്നതിനും സമാധാനം പ്രചരിപ്പിക്കുന്നതിനും എങ്ങനെയാണ് മുഴുകിയിരുന്നത്. ഇതിന്റെ ഒന്നുരണ്ട് ഉദാഹരണം ഞാൻ പറയാം.

ശെയ്ഖ് മുഹമ്മദലി ഓഫ് മസാനിയ വിവരിക്കുന്നു. ഒരിക്കൽ എനിക്ക് സുബ്ഹി നമസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ വീട്ടിൽതന്നെ നമസ്കരിച്ചു. നമസ്കാരത്തിൽനിന്ന് സലാം വീട്ടിയതിനുശേഷം എന്തിനോവേണ്ടി ബാസാറിലേക്ക് ഞാൻ വരികയായിരുന്നു. ദാറുൽ അൻവാറിന്റെ വഴിയിൽ ഹദ്റത്ത് മൗലവി ശേർ അലി സാഹിബ്(റ) വരുന്നതായി ഞാൻ കണ്ടു. ഇന്ന് ഞാൻ ആദ്യം മൗലവി സാഹിബിന് സലാം പറയുമെന്ന് മനസ്സിൽക്കരുതി. കാരണം മൗലവി സാഹിബ് ചെറിയവർക്കും മുതിർന്നവർക്കും എല്ലാം ആദ്യമേ സലാം പറയുന്ന ആളായിരുന്നു. എന്റെ ശബ്ദം എത്തുന്നത്ര ദൂരമാകുമ്പോൾതന്നെ സലാം പറയണമെന്ന് ഞാൻ വിചാരിച്ചു. ഞാനിത് പ്രാവർത്തികമാക്കാൻ ഒരുങ്ങിയതേയുള്ളൂ. ഹദ്റത്ത് മൗലവി സാഹിബ് സാധാരണയെന്നപോലെ മതിയായ ദൂരത്തുനിന്ന് ഉറക്കെ അസ്സലാമു അലൈക്കും പറഞ്ഞു. ഞാൻ മുന്നോട്ടുവന്ന് കൈ കൊടുത്തു. ഹദ്റത്ത് മൗലവി സാഹിബ് ഹസ്തദാനം ചെയ്തയുടനെ പറഞ്ഞു. ശെയ്ഖ് സാഹിബേ! ജമാഅത്തായി നമസ്കരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആ നമസ്കാരം പള്ളിയിൽത്തന്നെ വന്ന് നമസ്കരിക്കേണ്ടതാണ്; അങ്ങനെ പള്ളിയിൽ നമസ്കരിക്കുന്ന ശീലമുണ്ടാകും. മൗലവി സാഹിബിന്റെ ഈ ദീർഘദൃഷ്ടിയിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. ഞാൻ പറയാതെ എങ്ങനെയാണ് എന്റെ കാര്യം അദ്ദേഹം ഗ്രഹിച്ചത്! ഇതായിരുന്നു അവരുടെ പ്രകാശമയമായ സൂക്ഷ്മബുദ്ധി. സമാധാനത്തിന്റെ സന്ദേശത്തോടൊപ്പം നന്മയിലേക്ക് ശ്രദ്ധിക്കാനും അവിടന്ന് അങ്ങേയറ്റം സ്നേഹത്തോടെ പറയുമായിരുന്നു.

ഹദ്റത്ത് മൗലവി ശേർ അലി സാഹിബിനെക്കുറിച്ചുള്ള മറ്റൊരു നിവേദനം മൗലവി അബ്ദുർറഹീം സാഹിബ് ആരിഫ് മുബല്ലിഗെ സിൽസില വിവരിക്കുന്നു. മൗലവി ശേർ അലി സാഹിബിന്റെ കുടുംബജീവിതം സ്വർഗ്ഗത്തിന്റെ മാതൃകയിലുള്ളതായിരുന്നു. അവിടന്ന് വീട്ടിൽ വരുമ്പോൾ, 'സലാം പറയുക' എന്ന ഖുർആനിക കല്പനയനുസരിച്ച് എല്ലാവർക്കും ഉറക്കെ അസ്സലാമു അലൈക്കും പറയുമായിരുന്നു. പിന്നീട് വീട്ടിലെ ഓരോരുത്തരേയും കാണുമ്പോൾ അവർക്ക് പ്രത്യേകം പ്രത്യേകം അസ്സലാമു അലൈക്കും പറയും. കുട്ടികൾക്ക് ഹസ്തദാനം ചെയ്യും. ചെറിയ കുട്ടികളെ സ്നേഹത്തോടെ എടുക്കും. കുറേനേരംവരെ ഒരു പ്രത്യേകമായ ലയനാവസ്ഥയിൽ നിശ്ശബ്ദനായി മുറ്റത്ത് ഉലാത്തുമായിരുന്നു. ദുആ ചെയ്യുന്നത് ചുണ്ടുകളിലൂടെ പ്രകടമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് സന്മാർഗ്ഗം പ്രാപിച്ചവർ ഇത്തരക്കാരായിരുന്നു. അവർ സമാധാനവും സ്നേഹവും വിതറുന്നവരായിരുന്നു. സലാം പറയൽ നടപ്പിൽ വരുത്തുന്നതിനും അതിലെ ബർക്കത്തിനെക്കുറിച്ച് പറയുന്നതിനും സലാമും പ്രാർത്ഥനയും കൊണ്ട് നിറഞ്ഞ മജ്‌ലിസുകൾ സംഘടിപ്പിക്കുന്നതിനും നബി(സ) എങ്ങനെയാണ് ഉപദേശിക്കാറുണ്ടായിരുന്നത്. അത് നമുക്ക് ഈ ഹദീസിൽനിന്ന് മനസ്സിലാക്കാം.

ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി കരീം(സ) ഒരു മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. ഒരാൾ നബിയുടെ അടുത്തുകൂടെ പോയി. അസ്സലാമു അലൈക്കും എന്ന് അയാൾ പറഞ്ഞു. ഇതുകേട്ടപ്പോൾ അവിടന്ന് പറഞ്ഞു: പത്ത് നന്മ. വേറൊരാൾ അടുത്തുകൂടെ പോയി. അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ് എന്ന് അയാൾ പറഞ്ഞു. അവിടന്ന് പറഞ്ഞു: ഇരുപത് നന്മ. അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു എന്ന് പറഞ്ഞുകൊണ്ട് വേറൊരാളും കടന്നുപോയി. അവിടന്ന് പറഞ്ഞു: മുപ്പത് നന്മ. പിന്നീടൊരാൾ മജ്‌ലിസിൽനിന്ന് എഴുന്നേറ്റു. അയാൾ സലാം പറഞ്ഞില്ല. നബി(സ) പറഞ്ഞു, നിങ്ങളുടെ കൂട്ടുകാരൻ മറന്നുപോയി എന്നാണ് തോന്നുന്നത്. ആരെങ്കിലും മജ്‌ലിസിൽ വന്നാൽ അയാൾ സലാം പറയേണ്ടതാണ്. ഇരിക്കാൻ സ്ഥലം കിട്ടിയാൽ അയാൾ ഇരിക്കേണ്ടതാണ്. ആരെങ്കിലും എഴുന്നേറ്റു നില്ക്കുകയാണെങ്കിൽ അയാൾ സലാം പറയട്ടെ. വരുമ്പോഴും പോകുമ്പോഴും സലാം പറയട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ബറാഅ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു. നിങ്ങൾ സലാം പ്രചരിപ്പിക്കുക. അതിലൂടെ നിങ്ങൾ സമാധാനത്തിൽ പ്രവേശിക്കുന്നതാണ്. നിങ്ങളുടെ വീടും വീട്ടിലുള്ളവരും സമൂഹവുമെല്ലാം സമാധാനത്തിൽ പ്രവേശിക്കുന്നതാണ്.

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂദർദാ(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു, "നിങ്ങൾ സലാം പ്രചരിപ്പിക്കുക, നിങ്ങൾ വിജയം വരിക്കാൻ വേണ്ടി." സലാം പ്രചരിപ്പിക്കുന്നതുകൊണ്ട് പരസ്പരം സ്നേഹബന്ധമുണ്ടാകും. ഈ സ്നേഹബന്ധത്താൽ ജമാഅത്തിനു ശക്തിയുണ്ടായിത്തീരും. ഈ ജമാഅത്തിന്റെ ശക്തിയും കെട്ടുറപ്പും തന്നെയാണ് വിജയത്തിന്റെ സാഹചര്യമൊരുക്കുന്നത്. ഇല്ലെങ്കിൽ പരസ്പരമുള്ള അനൈക്യംകൊണ്ട് സമാധാനമുണ്ടാകുകയില്ല. അത് പ്രചരിപ്പിക്കാൻ ശ്രമിച്ചില്ലെങ്കിൽ ഒരുഭാഗത്ത് ജമാ

അത്തിന്റെ ശക്തി ഇല്ലാതാകും. അല്ലാഹു പറഞ്ഞതുപോലെ

وَاَطِيْعُوا اللّٰهَ وَرَسُوْلَهٗ وَلَا تَنَازَعُوْا فَتَفْشَلُوْا وَتَذْهَبَ رِيْحُكُمْ وَاصْبِرُوْا ؕ اِنَّ اللّٰهَ مَعَ الصّٰبِرِيْنَ ۚ

അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിച്ചുകൊണ്ടിരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. നിങ്ങൾ ക്ഷമിച്ചുകൊണ്ടിരിക്കുക. അല്ലാഹു തീർച്ചയായും ക്ഷമിക്കുന്നവരുടെ കൂടെയാണ്. (8:47)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെക്കുറിച്ച് പറയുന്നു: ഇസ്ലാമിക കക്ഷികളിൽ നിത്യേന പിളർപ്പ് രൂക്ഷമായിക്കൊണ്ടിരിക്കുന്നു. പിളർപ്പ് ഇസ്ലാമിന് വമ്പിച്ച ദോഷമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം ക്ഷയിച്ചുപോകുകയും ചെയ്യും." ഇസ്ലാമിൽ പിളർപ്പുണ്ടായ കാലംമുതൽ ഓരോ നിമിഷവും അധഃപതനം ഉണ്ടായിക്കൊണ്ടിരുന്നു. അതുകൊണ്ടാണ് അല്ലാഹു ഈ ജമാഅത്തിനെ രൂപീകരിച്ചത്; ജനങ്ങൾ ഗ്രൂപ്പുകളിൽ നിന്ന് പുറത്തുചാടി ഈ ജമാഅത്തിൽ പ്രവേശിക്കാൻതന്നെ. അത് നിരർത്ഥകമായ എതിർപ്പുകളിൽനിന്ന് തികച്ചും സുരക്ഷിതമാണ്. നേരായ മാർഗ്ഗത്തിലൂടെ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നു അത്. അതിനെ സംബന്ധിച്ച് നബി(സ) നമുക്ക് പറഞ്ഞുതന്നതാണ്. അതുകൊണ്ട് ചിന്തിക്കണം. ഈ വാക്കുകൾ ഓരോ അഹ്മദിയേയും അവരുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതായിരിക്കണം. നമ്മുടെ വീടുകളിലും നമ്മുടെ പരസ്പരമുള്ള ബന്ധങ്ങളിലും നാം കൂടുതൽ സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം എത്തിക്കുന്നവരായിത്തീരേണ്ടതാണ്. ഇപ്രകാരം സമൂഹത്തിൽ, ചുറ്റുപാടിൽ ഈ സലാം നടപ്പിൽ വരുത്തുന്നതിനാൽ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം എത്തിക്കാനും തൗഫീഖ് ലഭിക്കുന്നതാണ്. ഇക്കാലത്തെ സമൂഹത്തിന്റെ വ്യർത്ഥമായ കാര്യങ്ങൾക്കിടയിൽ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവാഹകരായി ഒറ്റപ്പെട്ട ഒരു വിഭാഗത്തെ കാണുമ്പോൾ തബ്ലീഗ് രംഗത്തും വികസനമുണ്ടാകും. ഈ കാലഘട്ടത്തിൽ സമാധാനത്തിന്റേയും ശാന്തിയുടേയും ഈ പ്രാർത്ഥന തന്നെയാണ് ഇസ്ലാമിനും അഹ്മദിയ്യത്തിനും ഇൻശാഅല്ലാഹ് വിജയം നല്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും ഇതുതന്നെയാണ്, പരസ്പരമുള്ള ശണ്ഠകൾ കാരണത്താൽ വിജയത്തിനു പകരം ഇസ്ലാം ഓരോ ദിവസവും അധഃപതിച്ചുകൊണ്ടുപോകുന്നു. ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നു. അഹ്മദിയ്യത്തിന്നെതിരിൽ എല്ലാവരും ഒറ്റക്കെട്ടാണ് എന്നത് ശരി. പക്ഷേ, അവർ പരസ്പരം എല്ലാം പൊട്ടിത്തകർന്നു കിടക്കുന്നവരാണ്. ഒന്നിച്ചുകൂടിയാൽ ഒരുകൂട്ടർ മറ്റേ കൂട്ടരുടെ പിന്നിൽ നമസ്കരിക്കുകയില്ല. സ്വയം ആക്രമണം നടത്തി മുസ്ലിം മുസ്ലിമിനെ കൊന്നൊടുക്കുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. കഴിഞ്ഞ ദിവസം സന്ദർഭവശാൽ എയർ ബൈ ഫ്ളൈറ്റ് എന്ന പരിപാടി കാണാനിടയായി. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ബന്ധം എങ്ങനെ നല്ലതാക്കാം എന്ന വിഷയത്തിൽ ചർച്ച നടക്കുകയായിരുന്നു. നിരൂപകനായൊരു പണ്ഡിതൻ പാക്കിസ്ഥാൻ പക്ഷത്തുനിന്നും ഇന്ത്യയിലെ ഒരു മുസ്ലിമും ഒരു ഹിന്ദുവും ആണ് ചർച്ചയിൽ പങ്കെടുത്തത്. ഇന്ത്യയിലെ മുസ്ലിംകളോട് നല്ല രീതിയിൽ പെരുമാറുന്നില്ല എന്നുപറഞ്ഞ് ഇന്ത്യൻ മുസ്ലിംകൾ കരഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, മുസ്ലിം രാജ്യങ്ങൾ പരസ്പരം എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ ഉള്ളിലുള്ള കക്ഷികൾ തമ്മിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്. ഇറാനെ ഉദാഹരണമായി എടുത്തുകൊണ്ട് അവിടെ ശിയാക്കളാണ് അധികമെന്ന് ഇന്ത്യൻ മുസ്ലിം പറഞ്ഞു. സുന്നികളുമായിട്ട് അവിടെ എന്താണ് നടക്കാത്തത്? അഹ്മദികളുമായിട്ടായിരുന്നുവെങ്കിൽ എന്തൊക്കെ ചെയ്യാതിരിക്കുകയില്ല? പാക്കിസ്ഥാൻ പ്രതിനിധിയായ മൗലാനാ സാഹിബിന് മറ്റ് മറുപടിയൊന്നും കിട്ടിയില്ല. അയാൾ ഉടനെ പറഞ്ഞു. അഹ്മദികളെ ഒഴിവാക്കുക. അവർ അമുസ്ലിംകളാണ്. ഈ അവസ്ഥയാണ് ഇക്കാലത്തെ മുസ്ലിംകളുടേത്. അവരുടെ പരസ്പരമുള്ള ബന്ധം നല്ലതല്ല. അതൊഴിച്ചുനിറുത്തുകയാണ്. മറ്റുള്ളവരുമായി ബന്ധംവയ്ക്കുന്നത് അവർ അമുസ്ലിം ആയതുകൊണ്ട് അവരേയും മാറ്റിനിറുത്തുക. ഇത്തരം നിലപാടിൽ സലാം പ്രചരിപ്പിക്കാൻ സാധിക്കുകയില്ല. അഹ്മദികളുടെമേൽ അക്രമം അനുവദനീയമായിട്ടുള്ളത് അവർ അമുസ്ലിംകളായതുകൊണ്ടാണത്രെ! നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിനുമേൽ അക്രമം ചെയ്യുന്ന കാര

ണത്താൽ തന്നെയാണ് അവരിൽനിന്ന് സമാധാനം ഉയർന്നുപോയ്ക്കൊണ്ടിരിക്കുന്നതെന്ന് അവർക്ക് മനസ്സിലാകുന്നില്ല. ആരാണോ മുഴുലോകത്തും ആത്മീയതയുടേയും ജ്ഞാനത്തിന്റേയും പതാക പാറിപ്പറപ്പിച്ചത് അവർ ഇന്ന് സ്വന്തം നാട്ടിൽ തന്നെ അന്യരുടെ കൈയാൽ നിർബന്ധിതരായും കല്പിക്കപ്പെടുന്നവരായും കുത്തിയിരിക്കുന്നു. പറയുമ്പോൾ അവർ സ്വതന്ത്രരാണ്. പക്ഷേ അവരുടെ ജീവൻ ഒരു കുപ്പിയിൽ അടച്ചുവെച്ചിരിക്കുകയാണ്. ആ കുപ്പി ഒരു ജിന്നിന്റെ കൈയിലാണ്. ഇവരെപ്പോഴും ആ ജിന്നിലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. കാരണം അവരുടെ കൈയിൽ ഒരു ശക്തിയുമില്ല. ശക്തി നഷ്ടപ്പെട്ട കാരണത്താൽ ജിന്നിനെ പ്രതീക്ഷിച്ചിരിക്കാതെ ജീവിതം മുന്നോട്ടു പോകുകയില്ല.

ഇതാണ് മുസ്‌ലിംകളുടെ അവസ്ഥ. അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ദയ കാണിക്കുമാറാകട്ടെ. അഹോ കഷ്ടം. ഇവർ ആ സമാധാനത്തിന്റെ സന്ദേശം മനസ്സിലാക്കിയിരുന്നെങ്കിൽ. അത് ഇക്കാലത്ത് നബി(സ) തിരുമേനിയുടെ ഈ സത്യസന്ധനായപ്രേമി മുഖേന വിധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ ഈ ഉദ്ദേശ്യപൂർത്തീകരണത്തിനായിട്ടാണ് അല്ലാഹു അയച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അഹ്മദിയ്യാ ജമാഅത്തു മാത്രമാണ് നബി(സ) പറഞ്ഞ ആ നേരായ പാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ ഓരോരുത്തരും ആ പാതിയിലൂടെ ചരിക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അത് സ്വിറാത്തെ മുസ്തഖീമിന്റെ വഴിയാണ്. അതിലൂടെ നടക്കാൻ അല്ലാഹുവും അവന്റെ റസൂലും നമ്മോട് കല്പിച്ചിരിക്കുന്നു. ഇതിലൂടെ നടന്നുകൊണ്ടാണ് ഒരു സത്യവിശ്വാസി സന്മാർഗ്ഗം പ്രാപിക്കുന്നത്. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് വരുന്നത്. ഇന്ന് നാം സന്മാർഗ്ഗത്തിന്റെയും സമാധാനത്തിന്റെയും വഴിയിൽ നിന്ന് തെറ്റിക്കുന്ന ലോകത്തിന്റെ അന്ധകാരത്തെ കാണുമ്പോൾ അല്ലാഹുവിനോട് നന്ദി കാണിക്കാൻ ശ്രദ്ധയുണ്ടാകുന്നു. അതുണ്ടാവേണ്ടതുമാണ്. ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാൻ അവൻ നമുക്ക് തൗഫീഖ് നല്കി. അവന്റെ ജമാഅത്തിൽ നമ്മെ ഉൾപ്പെടുത്തി. അല്ലാഹു നമുക്ക് അതിനോടുള്ള കടമ നിറവേറ്റാനും തൗഫീഖ് നല്കുമാറാകട്ടെ. ഒരു പ്രാർത്ഥനയിലേക്കും ഞാൻ ഈ സമയത്ത് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാം സ്നേഹത്തിന്റെയും മൈത്രിയുടെയും സന്ദേശം ലോകത്തെല്ലായിടത്തും എത്തിക്കുകയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനം എന്ന്. ഇത് എന്നും നിലനില്ക്കുന്നതാണ്. ഇസ്‌ലാമിനും ജമാഅത്തിനുമെതിരിൽ പരസ്യപ്രചാരണം നടത്തുന്നുവെങ്കിൽ, ഒരു തെറിയും പറയാതെ നമ്മൾ തെളിവുകൾകൊണ്ട് അതിന് മറുപടി നല്കുന്നു. മറുപടി കൊടുത്തുകൊണ്ടിരിക്കും. ഇൻശാഅല്ലാഹ്. ഇത് നമ്മുടെ നിർബന്ധകാര്യമാണ്. ഇസ്‌ലാമിന്റെ ഉന്നതിയാണ് നമ്മുടെ വിരിപ്പും പുതപ്പും. അല്ലാഹുവിന്റെ ഏകത്വത്തിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുക, അതുമുഖേനയാണ് സ്നേഹത്തിന്റേയും മൈത്രിയുടേയും ഉറവ് പൊട്ടിയൊഴുകുന്നത്. അതാണ് നമ്മുടെ ലക്ഷ്യം. റസൂൽ (സ)യോടുള്ള സ്നേഹം നമ്മുടെ ജീവനാണ്. അവിടത്തെ സത്യസന്ധനായ പ്രേമി, അഹ്മദെ ഹിന്ദി (അ)നോട് കൂറുപുലർത്തുക നമുക്ക് നിർബന്ധമാണ്. ഇന്ന് ഇസ്‌ലാമിന്റെ ശരിയായ ചിത്രം നാം ഈ മസീഹ് മൗഊദ്(അ) മുഖേനയാണ് കണ്ടത്. ഇത് എങ്ങനെയുള്ളതാണെന്നുവെച്ചാൽ, ഇതിനുവേണ്ടി നമ്മുടെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാൽ നാം അതിനും തയ്യാറാണ്. പക്ഷേ, ഇതിനോട് നന്ദികേട് കാണിക്കുകയില്ല. അത് നമുക്ക് ഊഹിക്കാൻപോലും കഴിയില്ല.

എന്തായാലും ഞാൻ പറയാൻ ആഗ്രഹിച്ചത് കഴിഞ്ഞ കുറച്ചുവർഷമായി അറേബ്യൻ രാജ്യങ്ങളിൽ ഇസ്‌ലാമിനുമേൽ, ക്രിസ്ത്യാനികൾ ആക്രമണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇതിനുള്ള മറുപടി സാധാരണ മുസ്‌ലിംകൾ അവിടെ നില്ക്കട്ടെ, ഉലമാക്കളുടെ കൈയിൽപോലും ഇല്ലായിരുന്നു. അതുണ്ടാകാനും പാടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് അനുഗ്രഹം തേടാത്തിടത്തോളംകാലം അതിനവർക്ക് സാധ്യവുമല്ല. ഇതിനു മറുപടി കൊടുക്കാൻ നമ്മുടെ അറബ് സഹോദരന്മാർ എം.ടിഎയിലൂടെ ഒരു പരിപാടി ആരംഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി പറഞ്ഞുകൊണ്ട് നിരവധി കത്തുകളും ഫാക്സുകളും സാധാരണ മുസ്‌ലിംകളിൽനിന്നും, വലിയവലിയ സ്കോളർമാരിൽനിന്നും കിട്ടി. അവർ വലിയ അസ്വസ്ഥരായിരുന്നു. ആരെങ്കിലും ഇതിന് മറുപടി കൊടുത്തിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിരുന്നു. അവരുടെ പക്കൽ ഒരു മറുപടിയും ഉണ്ടായിരുന്നില്ല. നമ്മൾ മറുപടി നല്കി. അത് അവരുടെ മനസ്സിന് സമാധാനം പകർന്നു. നമ്മൾ ഈ ചാനലിൽ ക്രിസ്തീയ പണ്ഡിതന്മാർക്കും സംസാരിക്കാൻ അവസരം നല്കിയിരുന്നു. ചോദ്യോത്തരം നടക്കുമ്പോൾ, ചോദ്യം ചോദിക്കുന്ന ക്രിസ്ത്യാനികൾ, നമ്മുടെ മറുപടി പറയുന്ന സഹോദരന്മാരേക്കാൾ കൂടുതൽ സമയവും എടുത്തിരുന്നു. എന്താ

യാലും ജനങ്ങൾക്ക് സത്യം വ്യക്തമായി.

പിന്നീട് അല്ലാഹു നമുക്ക് എം.ടി.എ 3 ചാനൽ തുടങ്ങാൻ തൗഫീഖ് നല്കി. 24 മണിക്കൂറും അറബിയിലാണ് ഈ ചാനൽ പരിപാടി സംപ്രേഷണം ചെയ്യുന്നത്. വിവിധ പരിപാടികൾ ഇതിലുണ്ട്. അവിടുത്തെ ക്രിസ്ത്യാനികളും പാതിരിമാരും ഇതുമുഖേന പരിഭ്രമിച്ചിരിക്കുകയാണ്. ഇവരിൽ ഒരാൾ ഈജിപ്തിൽ, ഇതുമായി ബന്ധപ്പെട്ട കോടതിയിൽ ഈ ചാനലിനെതിരെ കേസ് കൊടുത്തിരിക്കുന്നു. അഹ്മദികൾക്ക് എന്തിനാണ് അനുവാദം കൊടുത്തതെന്ന് ചോദിച്ചിരിക്കുകയാണ്. വാസ്തവത്തിൽ, നമ്മൾ ഒരു മന്ത്രാലയത്തിൽനിന്നും അനുവാദം വാങ്ങിയിട്ടില്ല. അതിന് ആവശ്യവുമില്ല. നമ്മുടെ ഉടമ്പടി സാറ്റ്ലൈറ്റ് കമ്പനിയുമായിട്ടാണ്. കൊമേഴ്സിയൽ കമ്പനിയുമായിട്ടാണ് ഉടമ്പടി ചെയ്തിട്ടുള്ളത്. എന്തായാലും ഇസ്ലാം വാളുകൊണ്ട് പരന്നു എന്നും ക്രിസ്തുമതം തെളിവ് കൊണ്ടു പരന്നു എന്നുമുള്ള അവരുടെ വാദത്തിന്റെ വക്രത വ്യക്തമായി. ഇതും ആ അല്ലാഹുവിന്റെ ഫയ്ൽവാന് അനുകൂലമാണ്. അല്ലാഹുവിന്റെ സഹായത്തിന്റെ ഒരു തെളിവാണ്. ഇസ്ലാമിന്റെമേൽ ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ, യഥാർത്ഥത്തിൽ ആരോപണം മാത്രമായിരുന്നുവെന്ന് തെളിഞ്ഞു. ഇസ്ലാമുമായി ഇതിനൊരു ബന്ധവുമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ ഈ ഫയൽവാന്റെ തെളിവിന് മുമ്പിൽ അവർ കീഴടങ്ങി, അപ്പോൾ ബലാൽക്കാരത്തിന്റെ ആയുധം അവർ സ്വയം കൈയിലേന്തിയിരിക്കുകയാണ്. കേസ് കൊടുക്കുന്നു. ബഹളം വയ്ക്കുന്നു.

എന്തായാലും നമുക്ക് സന്തോഷമുണ്ട്. ഈ കേസ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം അല്ലാഹുവിന്റെ സഹായം ഉണ്ടെന്നതിന് മറ്റൊരു തെളിവ് നല്കിയിരിക്കുന്നു. അതോടൊപ്പം ദുആയിലേക്കും ശ്രദ്ധിക്കണം. അല്ലാഹു നമ്മെ എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. അവരുടെ ഒരായുധവും പ്രവർത്തിക്കാതിരിക്കട്ടെ. ഇൻശാഅല്ലാഹ് അതൊരിക്കലും നടക്കുകയില്ല. കാരണം ആ എല്ലാ ഏർപ്പാടുകളും ഏതെങ്കിലും മനുഷ്യന്റെ പ്രയത്നം കൊണ്ടല്ല ഉണ്ടായിട്ടുള്ളത്. മറിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്ത വാഗ്ദാനം അവൻ പൂർത്തിയാക്കിയതിന്റെ ഫലമായിട്ടാണ് ഇതുണ്ടായിരിക്കുന്നത്. നമ്മളോട് ഭിന്നാഭിപ്രായമുള്ള ചില ആലിംകൾ, ആദ്യം നമുക്കെതിരിൽ പത്രങ്ങളിൽ എഴുതിയിരുന്നവർ ഇപ്പോൾ ആത്മീയരോഷം പ്രകടിപ്പിച്ചിരിക്കുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. അറേബ്യൻ രാജ്യങ്ങളിലെ ചില പത്രങ്ങളിൽ ക്രിസ്ത്യാനികളെ സംബോധന ചെയ്തുകൊണ്ട് ചില ആലിംകൾ എഴുതി. നിങ്ങളുടെ വായിൽ വന്നത് നിങ്ങൾ കുരച്ചുകൊണ്ടിരുന്നു. അതിനെ പ്രതിരോധിക്കാൻ മറുപക്ഷത്ത് ആരും ഉണ്ടായിരുന്നില്ല. നിങ്ങളാണെങ്കിൽ ആക്ഷേപം ഉന്നയിച്ചുക്കൊണ്ടേയിരുന്നു. ഇന്ന് മാന്യമായ നിലയിൽ, നിങ്ങൾക്കു മറുപടി തരുമ്പോൾ നിങ്ങൾ ചീറ്റുന്നു. അല്ലാഹു ജമാഅത്തിൽപെടാത്തതും, എന്നാൽ ഇസ്ലാമിനുവേണ്ടി അഭിമാനിക്കുന്നവരുമായ ഇക്കൂട്ടർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഇവർ ഇസ്ലാമിനും നബി(സ) തിരുമേനിക്കും വേണ്ടിയാണ് ഈ ആത്മീയരോഷം പ്രകടിപ്പിച്ചിട്ടുള്ളത്.

നമ്മൾ ദുആ ചെയ്യണം. ഇപ്പോൾ വിവിധ സ്ഥലങ്ങളിൽ ജമാഅത്തിന്നെതിരിൽ എതിർപ്പിന്റെ തീ ആളിപ്പടരുന്നുണ്ട്. ലോകത്ത് മിക്ക സ്ഥലങ്ങളിലും ഇതുണ്ട്. ഇതിനെ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് തണുപ്പിക്കുമാറാകട്ടെ. നമുക്ക് അത് സമാധാനവും ശാന്തിയുമായിത്തീരട്ടെ. വിവിധ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള ഈ എതിർപ്പിൽനിന്നും മനസ്സിലാകുന്നത് ഇപ്പോൾ അല്ലാഹുവിന്റെ വിധി, ജമാഅത്തിന് കൂടുതൽ അനുഗ്രഹം കാണിക്കാൻ പോകുന്നുണ്ടെന്നാണ്. ഇൻശാഅല്ലാഹ്. കാരണം ഇന്നേവരെ അല്ലാഹുവിന്റെ പെരുമാറ്റം ജമാഅത്തിനോട് ആ രീതിയിലാണുണ്ടായിട്ടുള്ളത്. എതിരാളികളിൽ നിന്ന് എതിർപ്പ് എത്രമാത്രം ഉണ്ടായിട്ടുണ്ടോ അത്രമാത്രം ജമാഅത്ത് വളർന്നിട്ടുണ്ട്. അതുകൊണ്ട് നാം അല്ലാഹുവിന്റെ മുമ്പിൽ ആദ്യത്തേക്കാൾ കൂടുതൽ കുനിഞ്ഞുകൊണ്ട്, ആ വിജയങ്ങളെ ഏറ്റവും അടുത്തു കൊണ്ടുവരുന്നവരായിത്തീരുക. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 25.5.2007 at Baithulfutuh, London | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |